ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.07.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) നടപ്പ് സാമ്പത്തിക വർഷത്തെ സമ്പൂർണ ബജറ്റ് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇന്നവതരിപ്പിക്കും. ജനക്ഷേമം, തൊഴിൽസൃഷ്ടി, പൊതുനിക്ഷേപം എന്നിവയ്ക്ക് പ്രാധാന്യം നൽകുമെന്ന് പ്രതീക്ഷ.

**Union Finance Minister Nirmala Sitharaman will present the budget for the current financial year today. It is expected that welfare, job creation and investment will be given importance.**

2) അടുത്ത അഞ്ച് വർഷത്തെ രാജ്യത്തിന്റെ പ്രയാണത്തിന് ദിശാബോധം നൽകുന്നതാകും എൻ ഡി എ സർക്കാരിന്റെ മൂന്നാമൂഴത്തിലെ ആദ്യ ബജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi has said that the Union Budget presented today will set the direction for the journey of the next five years.**

3) 2030 വരെയുള്ള കാലയളവിൽ കാർഷികേതര മേഖലയിൽ പ്രതിവർഷം 78.5 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കി സാമ്പത്തിക സർവ്വേ. ധനക്കമ്മി കുറയുമെന്നും സർവ്വേ;

**The Economic Survey highlights the country's need to generate nearly 78.5 lakh jobs annually in the non-farm sector till 2030. Fiscal deficit declines to 5.6 per cent**

4) ഒളിമ്പിക്സിനുള്ള രാജ്യത്തിന്റെ തയ്യാറെടുപ്പ് ലോക്സഭ ചർച്ച ചെയ്തു. തൊഴിലില്ലായ്മ കുറയുന്നതായി ലോക്സഭയിൽ രേഖാമൂലം അറിയിച്ച് തൊഴിൽ സഹമന്ത്രി ശോഭ കരന്ദ്‌ലജെ.

**The Lok Sabha discussed the country's preparations for the Olympics. Minister of State for Labor Shobha Karandlaje informed the Lok Sabha in writing that unemployment is decreasing.**

5) കേരളത്തിൽ നിപ ജാഗ്രത കർശനമാക്കി ആരോഗ്യ വകുപ്പ്. **ICMR** സംഘം കോഴിക്കോട് മെഡിക്കൽ കോളേജിലെ വൈറോളജി ലാബ് സന്ദർശിച്ച് സജ്ജീകരണങ്ങൾ വിലയിരുത്തി.

**The Health Department has tightened Nipah alert in Kerala. The ICMR team visited the Virology Lab of Kozhikode Medical College and assessed the facilities.**

6) ഏഷ്യ കപ്പ് വനിതാ ട്വന്റി - 20 ക്രിക്കറ്റിൽ ഇന്ത്യയിന്ന് നേപ്പാളിനെ നേരിടും.

**India to take on Nepal in Asia Cup Women's Twenty20 cricket.**

**************************************************

## BUDGET (INTRO)

നടപ്പ് സാമ്പത്തിക വർഷത്തെ സമ്പൂർണ ബജറ്റ് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇന്നവതരിപ്പിക്കും. ജനക്ഷേമം,തൊഴിൽസൃഷ്ടി, പൊതുനിക്ഷേപം എന്നിവയ്ക്ക് ബജറ്റ് എത്രത്തോളം ഊന്നൽ നൽകുമെന്നാണ് ഏവരും ഉറ്റു നോക്കുന്നത്.

ഒരുറിപ്പോർട്ട്.....
(വോയ്സ്)

**************************************************

## BUDGET (VOICE)

കഴിഞ്ഞ സാമ്പത്തിക വർഷം കൈവരിച്ച 8.2 ശതമാനം വളർച്ചയോടെ കുതിപ്പിന്റെ പാതയിലുള്ള ഇന്ത്യൻ സമ്പദ് വ്യവസ്ഥ സമീപഭാവിയിൽ മൂന്നാമത്തെ വലിയ ആഗോള സമ്പദ് വ്യവസ്ഥയായി മാറുമെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. സമ്പൂർണ ബജറ്റിൽ ആരോഗ്യം, കർഷകക്ഷേമം, തൊഴിലുറപ്പ്, വിദ്യാഭ്യാസം എന്നിവയ്ക്കുള്ള പദ്ധതിവിഹിതത്തിൽ വർധന പ്രതീക്ഷിക്കാം. പി എം കിസാൻ സമ്മാൻ നിധി മുഖേനയുള്ള വാർഷിക ആനുകൂല്യം 6000 രൂപയിൽ നിന്നും ഉയർത്താൻ സാധ്യതയുണ്ട്. ഇടത്തരം വരുമാനക്കാരും മധ്യവർഗ്ഗവും കൂടുതൽ

നികുതിയിളവുകൾ പ്രതീക്ഷിക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ ജി.ഡി.പിയിൽ അതിവേഗ വളർച്ച സാധ്യമാകുമെന്നതിനാൽ ഈ മേഖലയ്ക്കുള്ള വിഹിതം 12 ലക്ഷം കോടിയായി ഉയർത്തിയേക്കും. മുദ്ര വായ്പാത്തുക ഇരട്ടിപ്പിക്കൽ പ്രതീക്ഷിക്കാം.10 കോടി ദരിദ്രകുടുംബങ്ങൾക്ക് ആശ്വാസമേകുന്ന പി എം ജൻ ആരോഗ്യ യോജനക്കുള്ള വിഹിതത്തിൽ വർധനയുണ്ടാകും. ഡിജിറ്റൽ-യൂ.പി.ഐ അതിവേഗ വളർച്ചയ്ക്കുതകുന്ന പ്രഖ്യാപനങ്ങളും ബജറ്റിലുണ്ടാകും. ഉത്പാദന ബന്ധിത പ്രോത്സാഹന പദ്ധതിയ്ക്ക് അനുവദിച്ച 1.97 ലക്ഷം കോടി പൂർണമായും വിനിയോഗിക്കാത്ത സാഹചര്യത്തിൽ കൂടുതൽ മേഖലകളെ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുമെന്നാണ് സൂചന. പുതിയ കമ്പനികൾക്കുള്ള വരുമാന നികുതിയിളവ് നീട്ടാനും സാധ്യതയുണ്ട്.

ന്യൂസ് ഡെസ്ക് ആകാശവാണി....

**************************************************

## PM-BUDGET

കേന്ദ്ര ബജറ്റ് അടുത്ത അഞ്ച് വർഷത്തെ രാജ്യത്തിന്റെ പ്രയാണത്തിന് ദിശാബോധം നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 2047 ഓടെ വികസിതഭാരതം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ ബജറ്റ് അടിത്തറ പാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

**************************************************

## BUDGET EXPECTATION ( INTRO)

സാമ്പത്തിക വളർച്ച നിലനിർത്തുന്നതിനും, ധനക്കമ്മി കുറയ്ക്കുന്നതിനും, പാവപ്പെട്ടവരെയും ഇടത്തരക്കാരെയും പിന്തുണക്കുന്നതുമായ ബജറ്റ് ആണ് പ്രതീക്ഷിക്കുന്നതെന്ന് സാമ്പത്തിക വിദഗ്ധൻ വി കെ വിജയകുമാർ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ്- വോയിസ്)

***********************************************

## ECONOMIC SURVEY

രാവിലെ 11 മണിക്ക് ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയിൽ ബജറ്റ് അവതരിപ്പിക്കും. നരേന്ദ്ര മോദി സർക്കാരിൻ്റെ മൂന്നാം ഊഴത്തിലെ ആദ്യ ബജറ്റും ധനമന്ത്രി നിർമ്മല സീതാരാമൻ്റെ തുടർച്ചയായ ഏഴാമത്തെ ബജറ്റുമാണിത്. ബജറ്റ് അവതരണത്തിന് മുന്നോടിയായി സാമ്പത്തിക സർവേ പാർലമെൻ്റിൻ്റെ ഇരുസഭകളിലും ഇന്നലെ അവതരിപ്പിച്ചു. കൃഷി, സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്വകാര്യ നിക്ഷേപം, ഹരിത പരിവർത്തന ധനസഹായം, വിദ്യാഭ്യാസ-തൊഴിൽ വിടവ് പരിഹരിക്കൽ, സർക്കാർ നയങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള ശേഷി വർധിപ്പിക്കൽ എന്നീ ആറ് മേഖലകൾക്ക് സർവ്വേ പ്രാമുഖ്യം നൽകുന്നു. നടപ്പ് സാമ്പത്തിക വർഷം 6.5 മുതൽ 7 ശതമാനം വരെ വളർച്ചയും ധനക്കമ്മിറ്റി 5.6 ശതമാനമായി കുറയുമെന്നും സർവ്വേ പ്രവചിക്കുന്നു. 2030 വരെയുള്ള കാലയളവിൽ കാർഷികേതര മേഖലയിൽ പ്രതിവർഷം 78.5 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതിൻ്റെ ആവശ്യകത സാമ്പത്തിക സർവ്വേ ഊന്നിപ്പറയുന്നു.

***********************************************

## PM- ECONOMIC SURVEY

കേന്ദ്ര ധനമന്ത്രി ഇന്നലെ പാർലമെന്റിൽ അവതരിപ്പിച്ച സാമ്പത്തിക സർവേ സർക്കാർ നടപ്പിലാക്കിയ വിവിധ പരിഷ്കാരങ്ങളുടെ ഫലങ്ങൾ വ്യക്തമാക്കുന്നതാണെന്നും, രാജ്യത്തിൻ്റെ സമ്പദ്‌വ്യവസ്ഥയുടെ യഥാർഥ സ്ഥിതി ഉയർത്തിക്കാട്ടുന്നതാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിപ്രായപ്പെട്ടു. വികസിത ഭാരതം എന്ന ലക്ഷ്യം

സാക്ഷാത്കരിക്കുന്നതിന് കൂടുതൽ വളർച്ചയും പുരോഗതിയും കൈവരിക്കേണ്ട മേഖലകൾ സർവേയിൽ തിരിച്ചറിയുന്നുവെന്നും ഒരു സോഷ്യൽ മീഡിയ പോസ്റ്റിൽ പ്രധാനമന്ത്രി മോദി പറഞ്ഞു. അതേസമയം സാമ്പത്തിക സർവ്വേ റിപ്പോർട്ട് തള്ളി കോൺഗ്രസ്. രാജ്യത്തിന്റെ അടിസ്ഥാന യാഥാർത്ഥ്യത്തിൽ നിന്ന് വളരെ അകലെയാണ് സാമ്പത്തിക സർവേയെന്ന് ലോക്സഭയിലെ കോൺഗ്രസ് ഉപ നേതാവ് ഗൗരവ് ഗോഗോയ് ന്യൂഡൽഹിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. തൊഴിലില്ലായ്മയും പണപ്പെരുപ്പവും രൂക്ഷമാണെന്നും റെയിൽവേ ഉൾപ്പടെയുള്ള പൊതുഗതാഗത സംവിധാനം ദരിദ്രരുടെയും ഇടത്തരക്കാരുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിൽ പരാജയമാണെന്നും അദ്ദേഹം പറഞ്ഞു.

**********************************************

## UNEMPLOYMENT RATE

രാജ്യത്ത് തൊഴിലില്ലായ്മ നിരക്ക് കുറയുന്നു. ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിലാണ് തൊഴിൽ സഹമന്ത്രി ശോഭ കരന്ദ്‌ലജെ ഇക്കാര്യം അറിയിച്ചത്. ഏറ്റവും പുതിയ വാർഷിക സർവേ റിപ്പോർട്ടുകൾ പ്രകാരം, 15 വയസും അതിൽ കൂടുതലുമുള്ളവരുടെ തൊഴിലില്ലായ്മ നിരക്ക് 2020-21 ൽ 4.2 ശതമാനവും 2021-22 ൽ 4.1 ശതമാനവും 2022-23 ൽ 3.2 ശതമാനവുമാണ്. കേന്ദ്രസർക്കാർ ജീവനക്കാരുടെ പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കുന്നതിനും എട്ടാം ശമ്പള കമ്മീഷൻ രൂപീകരിക്കാനും ഉള്ള നിർദ്ദേശമില്ലെന്നും ധനകാര്യ സഹമന്ത്രി സഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ പറഞ്ഞു.

**********************************************

## LOK SABHA - OLYMPIC GAMES

പാരീസ് ഒളിമ്പിക്സിനുള്ള ഇന്ത്യയുടെ തയ്യാറെടുപ്പിനെ സംബന്ധിച്ച് ഇന്നലെ ലോക്സഭ ചർച്ച ചെയ്യു. 470 കോടി

രൂപയാണ് ഒളിമ്പിക്സ് തയ്യാറെടുപ്പുകൾക്കായി കേന്ദ്രസർക്കാർ ചെലവഴിച്ചതെന്ന് സഭയിൽ ചർച്ച ആരംഭിച്ച് ബിജെപിയിലെ ഡോ സഞ്ജയ് ജയ്സ്വാൾ പറഞ്ഞു. കായിക താരങ്ങളുടെ കഴിവുകൾ കണ്ടെത്തുന്നതിനും അവരെ പിന്തുണയ്ക്കുന്നതിനും അവരുടെ ഭാവി സുരക്ഷിതമാക്കുന്നതിനുമുള്ള നയം രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ചയിൽ പങ്കെടുത്ത കോൺഗ്രസ് നേതാവ് ദീപേന്ദർ സിംഗ് ഹൂഡ ഊന്നിപ്പറഞ്ഞു.

****************************************************

## LS SHEKHAWAT – CLASSICAL LANGUAGES

ക്ലാസ്സിക്കൽ ഭാഷകൾ ഉൾപ്പെടെയുള്ള ഇന്ത്യൻ ഭാഷകളുടെ പ്രചാരം വർധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്. ഇന്ത്യൻ ഭാഷകളുടെ പ്രചാരണത്തിന് ദേശീയ വിദ്യാഭ്യാസ നയം പ്രാധാന്യം നൽകുന്നുണ്ട്. മലയാളം, തമിഴ്, സംസ്കൃതം, കന്നഡ, തെലുങ്ക്, ഓഡിയ എന്നിങ്ങനെ ആറ് ക്ലാസ്സിക്കൽ ഭാഷകളുടെ ഉന്നമനത്തിനായി വിവിധ കേന്ദ്ര സ്ഥാപനങ്ങളും കേന്ദ്ര സർവകലാകാശകളും പ്രവർത്തിക്കുന്നുണ്ടെന്നും, കേന്ദ്ര മന്ത്രി ലോക് സഭയെ അറിയിച്ചു. മലയാളത്തിന്റെ ശ്രേഷ്ഠ ഭാഷാ പദവിയുമായി ബന്ധപ്പെട്ട പദ്ധതിനിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ലെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

****************************************************

## LS-NEET PAPER LEAK

നീറ്റ്-യുജി പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് രാജ്യത്ത് ഇതുവരെ ഒരു സംഭവം മാത്രമാണ് റിപ്പോർട്ട് ചെയ്തതെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ. പട്നയിൽ നടന്ന സംഭവത്തിൽ സിബിഐ അന്വേഷണം നടത്തുകയാണെന്നും നീറ്റ് പരീക്ഷാ വിഷയം സുപ്രീം കോടതിയുടെ പരിഗണനയിലാണെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ ഏഴു വർഷത്തിൽ ഇത്തരം സംഭവങ്ങൾ ഒന്നും തന്നെ റിപ്പോർട്ട്

ചെയ്തിട്ടില്ല. ടെസ്റ്റിങ് ഏജൻസി പ്രവർത്തനം ആരംഭിച്ചതു മുതൽ ഇതുവരെ 240 പരീക്ഷകളിലായി നാലു കോടി 50 ലക്ഷം വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതായും കേന്ദ്രമന്ത്രി പറഞ്ഞു. രാജ്യത്ത് പേപ്പർ ചോർച്ച സംഭവങ്ങൾ വ്യാപകമായെന്ന പ്രതിപക്ഷ പാർട്ടികളുടെ ആരോപണങ്ങൾ ലോക്സഭയിൽ ചോദ്യോത്തര വേളയിൽ മറുപടി

പറയവെ, അദ്ദേഹം തള്ളി.

*************************************************

## SC NEET IIT

നീറ്റ് ചോദ്യങ്ങളിലെ പിഴവ് പരിശോധിക്കാൻ ഐ.ഐ.ടി ഡൽഹിയെ നിയോഗിച്ച് സുപ്രീംകോടതി. കഴിഞ്ഞ മെയിൽ നടന്ന നീറ്റ് - യു.ജി പരീക്ഷയിൽ ഒരു ഫിസിക്സ് ചോദ്യത്തിന് രണ്ടു ശരി ഉത്തരം ഓപ്ഷൻ നൽകാനുള്ള ദേശീയ പരീക്ഷ ഏജൻസിയുടെ തീരുമാനം വിദഗ്ധ സംഘത്തിന്റെ സഹായത്തോടെ പരിശോധിച്ച് റിപ്പോർട്ട് നൽകാനാണ് സുപ്രീംകോടതി നിർദ്ദേശം.

*************************************************

## NIPAH – KERALA

കേരളത്തിൽ നിപ ജാഗ്രത കർശനമാക്കി ആരോഗ്യ വകുപ്പ്. നിപ ബാധിച്ച് മരിച്ച കുട്ടിയുടെ സമ്പർക്കപ്പട്ടികയിലുള്ള 9 പേരുടെ പരിശോധനാഫലം നെഗറ്റീവാണെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു. സമ്പർക്ക പട്ടികയിൽ തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ ഉള്ളവരും ഉൾപ്പെട്ടിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരത്തെ 2 പരിശോധനാ ഫലങ്ങൾ നെഗറ്റീവ് ആണ്.

*************************************************

## ASIA CUP CRICKET

ഏഷ്യ കപ്പ് വനിതാ ട്വന്റി - 20 ക്രിക്കറ്റിൽ ഇന്നലെ നടന്ന ഗ്രൂപ്പ് മത്സരത്തിൽ ആതിഥേയരായ ശ്രീലങ്ക മലേഷ്യയെ 144 റൺസിന് പരാജയപ്പെടുത്തി. ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ശ്രീലങ്ക നിശ്ചിത ഓവറിൽ നാലു വിക്കറ്റ് നഷ്ടത്തിൽ 184 റൺസ് എടുത്തു. മറുപടി ബാറ്റിങ്ങിൽ 40 റൺസ് മാത്രമെടുത്ത മലേഷ്യ ഒരു ബോൾ ബാക്കി നിൽക്കെ എല്ലാവരും പുറത്താവുകയായിരുന്നു. വനിതാ ട്വന്റി - 20 യിൽ ഇന്ന് ഇന്ത്യ - നേപ്പാളിനെയും പാകിസ്ഥാൻ - UAE യെയും നേരിടും.

********************************

*****************************************************